©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 മാർച്ച് 16<br>16th March 2021<br>1196 മീനം 2<br>2nd Meenam 1196<br>1942 ഫാൽഗുനം 25<br>25th Phalguna 1942 | നമ്പർ<br>No. 11 |

# PART III

# Forest Department

### അച്ചൻകോവിൽ ഡിവിഷൻ

ഇ-ദർഘാസ് പരസ്യം

നമ്പർ ഡി-563/2021. 2021 ഫെബ്രുവരി 15.

കേരള വനം വകുപ്പിന്റെ കീഴിൽ വരുന്ന അച്ചൻകോവിൽ ഡിവിഷന്റെ അധികാര പരിധിയിലുള്ള ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിക്കുന്ന പ്രവൃത്തികൾക്ക് പരിചയ സമ്പന്നരായ അംഗീകൃത കരാറുകാരിൽ നിന്നും അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റാഫീസർ ഓൺലൈൻ ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണ വില എന്നിവ SBI-യുടെ Internet Online Banking വഴിയോ, മറ്റ് ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഓൺലൈൻ ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.etenders.kerala.gov.in വെബ് സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ.

പട്ടിക

| ക്രമ നമ്പർ | ദർഘാസ് നമ്പരും പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും | നിരതദ്രവ്യം ₹ |
|---|---|---|
| 1 | 42/2020-21(ഡി-563/21)—അച്ചൻകോവിൽ ഡിവിഷനിലെ കല്ലാർ റെയിഞ്ചിന്റെ അധികാര പരിധിയിൽ വരുന്ന മണക്കയം ഭാഗത്ത് 2020-21 & 2021-22 കാലയളവിൽ പുതിയ ക്യാമ്പ് ഷെഡ് നിർമ്മിക്കുന്ന ജോലികൾ—₹ 13.55 ലക്ഷം | 20,500 |
| 2 | 43/2020-21 (ഡി-217/21)—അച്ചൻകോവിൽ ഡിവിഷനിലെ കാനയാർ റെയിഞ്ചിന്റെ അധികാര പിരധിയിൽ വരുന്ന കൊടികെട്ടിക്കുന്ന് ഭാഗത്ത് 2020-21 & 2021-22 കാലയളവിൽ പുതിയ ക്യാമ്പ്ഷെഡ് നിർമ്മിക്കുന്ന ജോലികൾ—₹ 13.55 ലക്ഷം | 20,500 |
| 3 | 44/2020-21 (ഡി-287/21)—കല്ലാർ റെയിഞ്ചിന്റെ അധികാരപരിധിയിൽ വരുന്ന തുളുമല സെക്ഷനിൽപ്പെട്ട പുളിഞ്ചി ക്യാമ്പ് ഷെഡിന്റെ 2020-21 & 2021-22 കാലയളവിലെ പുനരുദ്ധാരണ ജോലികൾ—₹ 9.99 ലക്ഷം | 15,000 |
| 4 | 45/2020-21 (ഡി-688/21)—അച്ചൻകോവിൽ ഡിവിഷനിലെ ഫോറസ്റ്റ് ഇൻസ്പെക്ഷൻ ബംഗ്ലാവ് നവീകരിക്കുന്നതിനുവേണ്ടിയുള്ള 2020-21 & 2021-22 കാലയളവിലെ ജോലികൾ—₹ 9.99 ലക്ഷം | 15,000 |

ദർഘാസ് പ്രമാണത്തിന്റെ വില (12% ജി.എസ്.ടി. ഉൾപ്പെടെയുള്ള തുക)—ക്രമനമ്പർ 1, 2, ഇവയ്ക്ക് ₹ 2,846 + 2% പ്രളയ സെസ്സ്- ₹ 57 + 12% ജി. എസ്. ടി. ₹ 348 ആകെ—₹ 3,300 (Rounded) ക്രമനമ്പർ 3, 4 ഇവയ്ക്ക് ₹ 2,098 + 2% പ്രളയ സെസ്സ്- ₹ 42 + 12% ജി. എസ്. ടി. ₹ 257 ആകെ—₹ 2,400 (Rounded).

ദർഘാസ് പ്രമാണങ്ങളുടെ വിൽപ്പന www.etenders.keralagov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

കരാറുകാരുടെ ക്ലാസ്സ്—ഡി ക്ലാസ്സും അതിലുപരിയും.

ഡിവിഷന്റെ പേര്—അച്ചൻകോവിൽ ഡിവിഷൻ.

കരാറിന്റെ കാലാവധി—ക്രമനമ്പർ 1 മുതൽ 3 വരെ 9 മാസം, ക്രമനമ്പർ 4-ന് 6 മാസം.

ഇ-ദർഘാസ് പ്രമാണം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും—15-3-2021 രാവിലെ 10 മണിമുതൽ.

ഇ-ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കാവുന്ന അവസാന തീയതിയും സമയവും—22-3-2021 വൈകുന്നേരം 5 മണി വരെ.

ഇ-ദർഘാസ് തുറക്കുന്ന തീയതിയും സമയവും—26-3-2021 രാവിലെ 11 മണി.

ദർഘാസുകാർ വനംവകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും ഇതര വ്യവസ്ഥകളും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം ദർഘാസ് പ്രമാണവില എന്നിവ എസ്.ബി.ഐ. യുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റു ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഓൺലൈൻ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സമർപ്പിക്കാൻ www.etenders.kerala.gov.in എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.etenders.kerala.gov.in വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ടെണ്ടറിനോടൊപ്പം വെള്ളപേപ്പറിൽ ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റും മറ്റ് അനുബന്ധ രേഖകളും ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ NIC-യിൽ നിന്നോ www.etenders.keralagov.in വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന Help desk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

No. D-563/2021. *15th February 2021.*

The Divisional Forest Officer, Achencovil for and on behalf of the Governor of Kerala invites online e-tenders from registered qualified bidders having a valid and active registration with PWD for the following works. Tender documents and tender schedules may be downloaded free of cost from the e-GP website www.etenders.kerala.gov.in. All bid/tender documents are to be submitted online only and in the designated online cover(s)/envelope(s) on the www.etenders.kerala.gov.in website. Bids shall be accepted only through online mode www.etenders.kerala.gov.in website and e-tenders submitted manually/through post will not be entertained. Late online bids will not be accepted.

SCHEDULE

| *Sl No.* | *e-Tender No, Name of work & PAC* | *EMD ₹* |
|---|---|---|
| 1 | 42/2020-21(D-563/21)—Construction of Camp shed at Manakkayam in Kallar Range during 2020-21 & 2021-22—₹ 13.55 Lakh | 20,500 |
| 2 | 43/2020-21(D-217/21)—Construction of Camp shed at Kodikettikunnu in Kanayar section of Kanayar Range during 2020-21 & 2021-22—₹ 13.55 Lakh | 20,500 |
| 3 | 44/2020-21(D-287/21)—Renovation and extension of Camp shed at Pulinchi under Thulumala section of Kallar Range during 2020-21 & 2021-22—₹ 9.99 Lakh | 15,000 |
| 4 | 45/2020-21(D-688/21)—Developing work of Inspection Bungalow at Achencovil during 2020-21 & 2021-22—₹ 9.99 Lakh | 15,000 |

Cost of tender form (including GST)—Sl. Nos. 1, 2—₹ 2,846 + 2% Flood Cess ₹ 57 + 12% GST ₹ 348 Total—₹ 3,300 (Rounded). Sl. Nos. 3, 4 ₹ 2,098 + 2% Flood Cess-₹ 42 + 12% GST ₹ 257 Total—₹ 2,400 (Rounded).

Sale of tender documents can be downloaded from the website www.etenders.kerala.gov.in.

Classification of bidder—D & above.

Name of Division—Achencovil Division.

Date from which the e-tender documents will be available in website—15-3-2021, at 10 a. m.

Last date and time of receipt of e-tender—22-3-2021, 5 p.m.

Date and time of opening of e-tender—26-3-2021, 11 a.m.

Period of completion of work—9 months for Sl. Nos. 1, 2, 3, 6 months for Sl. No. 4

**Conditions**

1. Bidders shall remit the e-tender document fee and the Earnest Money Deposit using online payment option of e-procurement system only and submitted through the internet online banking of State Bank of India or through NEFT for other banks. Bidders opting for NEFT facility of online payment are advised to exercise this option at least 48 hours before the closing date of bid to ensure that payment towards tender document fees and EMD are credited and a confirmation is reflected in the e-procurement system. The online NEFT remittance form provided by e-procurement system for making a NEFT transaction is not a payment confirmation. Kerala Forest Department/NIC/SBI shall not be responsible for any kind of delay in payment status confirmation.

2. Bidders are requested to submit scanned copy of the following documents—Registration Certificate duly attested by the Superintendenting Engineer/ Executive Engineer, PWD Kerala, GST Registration Certificate, PAN Bank details, EMD exemption certificate (if any), preliminary agreement executed in white paper as per Govt. Order, duly filled up proforma for availing e-payment by Online. Technical bid and financial bid shall be submitted in their respective designated online covers. Subsequently the hard copy of attested copy of Registration Certificate, EMD exemption certificate (if any), preliminary agreement in original, proof of prequalification etc. would be submitted offline in a sealed cover superscribing the name of work and tender number to the office of the Divisional Forest Officer, Punalur through speed post/registered post as prescribed in the time schedule, failing which such tenders will be rejected.

3. The bidding authority deserves the right to modify/ cancel any/all bids without assigning any reason. The Forest Department will not be responsible for any error like missing of scheduled data while downloading by the bidder and non receipt of documents.

4. Any further clarifications on this re-tender can be obtained from NIC/the e-tender Helpdesk number available in the www.etenders.kerala.gov.in website and from this office during the office hours. The details regarding e-payment (Bidder’s bank account number where he/she is having core banking facility and email ID) should be submitted along with the tender. Tenders without these details will not be accepted.

5. The Forest Department will not be responsible for any inconveniences or loss to the Bidder while uploading/downloading the bid.

6. The tender/bids shall be opened online at the office of the Divisional Forest Office, Achencovil in the presence of bidders/their representatives who wish to attend at the above address. If the tender opening date happens to be on a holiday or non working day due to any other valid reason, the tender opening process will be done on the next working day at same time and place.

7. All other existing conditions related to e-tendering of Kerala PWD and GST rates will be applicable in this tender also.

Divisional Forest Office, (Sd.)
Achencovil. *Divisional Forest Officer.*

## പുനലൂർ ഡിവിഷൻ

### പുനർ ഇ-ലേല പരസ്യം

നമ്പർ പി.എൽ2-1073/2021. 2021 ഫെബ്രുവരി 15.

പുനലൂർ ഡിവിഷനിലെ അഞ്ചൽ, പത്തനാപുരം റെയിഞ്ചുകളിലെ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ പറയുന്ന തോട്ടങ്ങളിലെ അക്കേഷ്യ മാഞ്ചിയം/അക്കേഷ്യ ഓറിക്കുലിഫോർമിസ് തോട്ടങ്ങളിൽ നിന്നും പൾപ്പ് വുഡ് (തൊലിയുൾപ്പെടെ) അന്തിമവെട്ടിലൂടെ ശേഖരിച്ച് നീക്കം ചെയ്യുന്നതിനുള്ള അവകാശം 1-11-2016-ലെ കേരള ഗസറ്റ് നമ്പർ 43, വാല്യം 5-ൽ നമ്പർ പ്രൊ. (4) 26243/2013, തീയതി 26-9-2016 ആയി സംരക്ഷണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സർക്കാർ ഡിപ്പോകളിൽ തടി വിൽക്കുന്നതിനുള്ള പൊതു ഇ-ലേല വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള നിൽപ്പുമരങ്ങൾ ലേലം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾക്കും കൂടാതെ ഇതിലേക്കായി M/s. MSTC Ltd. www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായി M/s. MSTC Ltd. മുഖേന 4-3-2021, 22-3-2021, 7-4-2021 എന്നീ തീയതികളിൽ രാവിലെ 11 മണിക്ക് ഇ-ലേലത്തിലൂടെ വിൽപ്പന നടത്തുന്നതാണ്. ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇ-ലേലത്തിന് മുമ്പ് നിയമപ്രകാരമുള്ള നിരതദ്രവ്യം ഇ-പേയ്മെന്റ്/ഇ-ട്രഷറി/എം. എസ്. റ്റി. സി. ലിമിറ്റഡ് വഴി കെട്ടിവയ്ക്കേണ്ടതാണ്. ഇ-ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ വ്യക്തിയുടെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം.

### പട്ടിക

| ക്രമ നമ്പർ | പ്ലാന്റേഷന്റെ പേര് | റെയിഞ്ച് | ഏരിയ (ഹെക്ടർ) | പ്രതീക്ഷിക്കുന്ന അളവ് (തൊലിയോടുകൂടിയ സ്റ്റാക്ക്ഡ് ടൺ) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2010 അക്കേഷ്യ ഓറിക്കുലി ഫോർമിസ് പ്ലാന്റേഷൻ, ഓന്തുപച്ച | അഞ്ചൽ | 12.50 | 1000 | |
| 2 | 2010 അക്കേഷ്യ ഓറിക്കുലി ഫോർമിസ് പ്ലാന്റേഷൻ, കാലായിൽ | പത്തനാപുരം | 19.30 | 1550 | തൊലിയോടുകൂടിയ ഒരു സ്റ്റാക്ക്ഡ് ടണ്ണിനുള്ള റേറ്റാണ് രേഖപ്പെടുത്തേണ്ടത് |
| 3 | 2010 അക്കേഷ്യ ഓറിക്കുലി ഫോർമിസ് പ്ലാന്റേഷൻ, വാഴത്തോപ്പ് | പത്തനാപുരം | 14.60 | 1170 | |
| 4 | 2010 അക്കേഷ്യ ഓറിക്കുലി ഫോർമിസ് പ്ലാന്റേഷൻ, കടയ്ക്കാമൺ | പത്തനാപുരം | 30.00 | 2400 | |

പുനർ ഇ-ലേല പരസ്യം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും—4-3-2021, 22-3-2021, 7-4-2021 രാവിലെ 11 മണി.

പുനർ ഇ-ലേലം കൊള്ളുന്നതിനുള്ള തീയതിയും സമയവും—4-3-2021, 22-3-2021, 7-4-2021 രാവിലെ 11 മണി.

പുനർ ഇ-ലേലം അവസാനിക്കുന്ന തീയതിയും സമയവും—4-3-2021, 22-3-2021, 7-4-2021 ഉച്ചയ്ക്ക് 1 മണി.

നിരതദ്രവ്യം—₹ 50,000 (ഓരോ തോട്ടത്തിനും).

കരാർ കാലാവധി—പുനർ ഇ-ലേല സ്ഥിരീകരണം അറിയിക്കുന്ന തീയതി മുതൽ 150 ദിവസം.

### നിബന്ധനകൾ

1. പൊതു നിബന്ധനകൾ

(എ) വെട്ടി ശേഖരിച്ച് അട്ടിവച്ചിട്ടുള്ള തടികളുടെ തൊലിയോടുകൂടിയ വ്യാപ്തത്തിന്റെ നിരക്കനുസരിച്ചായിരിക്കും ഇ-ലേലം നടത്തുന്നത്. തൊലിയില്ലാതെയാണ് ലേലക്കാരൻ ലേലം കൊള്ളാൻ ആഗ്രഹിക്കുന്നതെങ്കിൽ രേഖപ്പെടുത്തുന്ന നിരക്കിന്റെ 122 ശതമാനമായിരിക്കും നിരക്ക്. സ്റ്റാക്ക്ഡ് ടണ്ണിന് ഏറ്റവും ഉയർന്ന വില വാഗ്ദാനം ചെയ്യുന്ന ലേലക്കാരന്റെ പേരിൽ ലേലം ഉറപ്പിക്കുന്നതായിരിക്കും. മരങ്ങൾ മുറിച്ച് വീഴ്ത്തി കഷ്ണങ്ങളാക്കി അട്ടിവയ്ക്കുന്നതിന്റെ ചെലവ് ലേലക്കാരൻ വഹിക്കേണ്ടതാണ്. ഒരു സ്റ്റാക്ക്ഡ് ടൺ എന്നത് 2 മീറ്റർ ക്യൂബ് എന്ന നിരക്കിൽ കണക്കാക്കുന്നതാണ്.

(ബി) വിജയിയാകുന്ന ലേലക്കാരൻ എഗ്രിമെന്റ് ഷെഡ്യൂളിൽ പറയുന്ന ലേലം കൊണ്ടിട്ടുള്ള തോട്ടങ്ങളിൽ നിൽക്കുന്ന അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യ മാഞ്ചിയം മരങ്ങൾ (പൾപ്പ്വുഡ്) എല്ലാം തന്നെ മുറിച്ച് നീക്കം ചെയ്യേണ്ടതാണ്. മറ്റ് ഇനങ്ങളിലുള്ള മരങ്ങൾ നിലനിർത്തേണ്ടതാണ്.

(സി) ഇ-ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള ലേലക്കാരൻ തോട്ടം പരിശോധിച്ച് ഉൽപ്പന്നത്തിന്റെ അളവും ഗുണനിലവാരവും പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. ഇ-ലേലം കഴിഞ്ഞ് അളവും ഗുണനിലവാരവും സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതല്ല.

(ഡി) ലേലക്കാരൻ ലേലം കൊണ്ടിട്ടുള്ള തോട്ടങ്ങളിൽ നിൽക്കുന്ന പൾപ്പ് വുഡ് മരങ്ങൾ ഭാഗീകമായോ പൂർണ്ണമായോ വെട്ടി ശേഖരിച്ച് നീക്കം ചെയ്യുന്നതിൽ നിന്നും വിലക്കുന്നതിന് ഭരണപരമായ കാരണങ്ങളാലോ മറ്റ് കാരണങ്ങളാലോ കേരള വനം വകുപ്പിന് (പുനലൂർ വനം ഡിവിഷൻ) അധികാരമുണ്ടായിരിക്കും.

(ഇ) ഇ-ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ള വ്യക്തികൾ ആധാറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ബന്ധപ്പെട്ട വില്ലേജാഫീസറിൽ നിന്നും വാങ്ങിയ സർട്ടിഫിക്കറ്റും സ്ഥാപനങ്ങളാണെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയോ ലൈസൻസിന്റെയോ പകർപ്പും നിരതദ്രവ്യത്തോടൊപ്പം ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

(എഫ്) ഇ-ലേലത്തിൽ പങ്കെടുക്കുന്ന ലേലക്കാർ വനം വകുപ്പ് ഉദ്യോഗസ്ഥർ കൈമാറുന്ന നിശ്ചിത വിസ്തൃതിയിലുള്ള തോട്ടത്തിൽ നിൽക്കുന്ന അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യ മാഞ്ചിയം മരങ്ങൾ മാത്രം വെട്ടി ശേഖരിച്ച് നീക്കം ചെയ്യേണ്ടതാണ്. ലേലം കൊള്ളുന്ന തോട്ടത്തിലെ മറ്റ് ഇനത്തിലുള്ള മരങ്ങൾ ഒന്നും തന്നെ മുറിച്ച് ശേഖരിച്ച് നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

(ജി) വിജയിക്കുന്ന ലേലക്കാരൻ പ്രസ്തുത ജോലിയുമായി ബന്ധപ്പെട്ട ആഫീസർമാരുമായോ ആഫീസുമായോ ഏതെങ്കിലും തരത്തിലുള്ള ബന്ധം ഇല്ലെന്ന് തെളിയിക്കുന്ന ഒരു സത്യവാങ്മൂലം ഹാജരാക്കേണ്ടതാണ്. ഇത്തരത്തിൽ ദർഘാസുകാരൻ/ലേലക്കാരൻ ബന്ധപ്പെട്ട ആഫീസർമാരുമായി ഏതെങ്കിലും തരത്തിലുള്ള ബന്ധമുണ്ടെന്ന് പിന്നീട് തെളിയിക്കപ്പെട്ടാൽ ടിയാന്റെ പേരിലുള്ള ദർഘാസ്/ലേലം റദ്ദുചെയ്ത് ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി കൂപ്പ് പുനർലേലം ചെയ്യുന്നതായിരിക്കും.

(എച്ച്) ഇ-ലേലത്തിന് പോസ്റ്റ് ഓഫറുകൾ യാതൊരുകാരണവശാലും പരിഗണിക്കുന്നതല്ല.

2. നിരതദ്രവ്യം

ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ള ലേലക്കാർ ഓരോ തോട്ടത്തിനും ₹ 50,000 വീതം നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്. ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഇ-ലേലത്തിന് മുമ്പ് നിയമ പ്രകാരമുള്ള നിരതദ്രവ്യം ഇ-പെയ്മെന്റ്/ഇ-ട്രഷറി/എം. എസ്. റ്റി. സി. ലിമിറ്റഡ് വഴി കെട്ടി വയ്ക്കേണ്ടതാണ്. ഇ-ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ വ്യക്തിയുടെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം.

3. ജി. എസ്. ടി., വരുമാന നികുതി തുടങ്ങിയവ

(എ) ലേലത്തിൽ വിജയിയാകുന്ന ലേലക്കാരൻ അതാത് സമയങ്ങളിൽ നിലവിലുള്ള നിരക്കുകളിൽ ജി. എസ്. ടി., വരുമാന നികുതി, വന വികസന നികുതി കൂടാതെ പ്രാബല്യത്തിലുള്ള മറ്റെല്ലാ നികുതികളും ഒടുക്കുവാൻ ബാധ്യസ്ഥനാണ്.

(ബി) വിജയിയാകുന്ന ലേലക്കാരൻ ലേലവുമായി ബന്ധപ്പെട്ട മുഴുവൻ ജി. എസ്. ടി. തുകയും, ജി. എസ്. ടി. നിരക്കുകളിൽ മാറ്റം വരുന്നപക്ഷം പുതുക്കിയ നിരക്കിലുള്ള ജി. എസ്. ടി. തുകയും ഒടുക്കുവാൻ ബാധ്യസ്ഥനാണ്.

(സി) വിജയിയാകുന്ന ലേലക്കാരൻ ഇൻഡ്യൻ സ്റ്റാമ്പ് ആക്ട് പ്രകാരമുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കേണ്ടതാണ്. സ്റ്റാമ്പ് ഡ്യൂട്ടിയിൽ എന്തെങ്കിലും കുറവുള്ളതായി പിന്നീട് കണ്ടെത്തിയാൽ ആ തുക ലേലക്കാരനിൽ നിന്നും ഈടാക്കുന്നതിന് വനം വകുപ്പിന് അധികാരം ഉണ്ടായിരിക്കും.

4. ഉടമ്പടി

വിജയിയാകുന്ന ലേലക്കാരൻ ലേലത്തുകയുടെ 15 ശതമാനം തുകയും 5 ശതമാനം സെക്യൂരിറ്റി തുകയും ലേല സ്ഥിരീകരണം അറിയിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ഒടുക്കി ലേലത്തുകയുടെ 0.1 ശതമാനം വിലയുള്ള മുദ്രപത്രത്തിൽ ഉടമ്പടി ഒപ്പ് വെയ്ക്കേണ്ടതാണ്. സെക്യൂരിറ്റി തുക (പുനലൂർ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേർക്ക് Pledge ചെയ്തത്) ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്ഥിരനിക്ഷേപം നടത്തിയിട്ടുള്ള രസീത് ആയിരിക്കണം. ലേലത്തുകയുടെ 15 ശതമാനം തുകയും സെക്യൂരിറ്റി തുകയും ഒടുക്കി ഉടമ്പടി ഒപ്പ് വച്ചതിനുശേഷം മാത്രമേ ജോലി തുടങ്ങുന്നതിനും ഉൽപ്പന്നങ്ങൾ നീക്കം ചെയ്യുന്നതിനും അനുവദിക്കുകയുള്ളൂ. ലേല തുക കണക്കാക്കുന്നത് തോട്ടത്തിൽ നിന്നും പ്രതീക്ഷിക്കുന്ന ഉൽപ്പന്നങ്ങളുടെ തിട്ടപ്പെടുത്തിയ വ്യാപ്തത്തിന് അനുസരിച്ചായിരിക്കും.

5. അഡ്വാൻസ് തുകയും നികുതികളും ഒടുക്കുന്നത്

വിജയിയായ ലേലക്കാരൻ ലേലത്തുകയുടെ (തിട്ടപ്പെടുത്തിയിട്ടുള്ളതും പ്രതീക്ഷിക്കുന്നതുമായ തടിയുടെ അളവിന്റെയും രേഖപ്പെടുത്തിയ നിരക്കിന്റെയും അടിസ്ഥാനത്തിൽ കണക്കാക്കിയത്) 15 ശതമാനം തുകയും വനവികസന നികുതിയും ചരക്ക് സേവനനികുതിയും ലേലം സ്ഥിരീകരിക്കുന്ന അറിയിപ്പ് ലഭിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഒടുക്കേണ്ടതാണ്. 15 ശതമാനം തുക 15 ദിവസത്തിനുള്ളിൽ ഒടുക്കാതെ വന്നാൽ 12 ശതമാനം പിഴ പലിശയോടെ 30 ദിവസത്തെ കാലാവധി ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ദീർഘിപ്പിച്ചു നൽകുന്നതാണ്. 18 ശതമാനം പിഴ പലിശ ഒടുക്കുന്നതിന് വിധേയമായി വീണ്ടും 30 ദിവസത്തെ കാലാവധി കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അധികാരമുണ്ടായിരിക്കും. ദീർഘിപ്പിച്ചു നൽകുന്ന രണ്ട് കാലാവധികൾക്കുള്ളിലും മേൽപ്പറഞ്ഞ തുകകൾ ഒടുക്കുന്നതിൽ ലേലക്കാരൻ വീഴ്ചവരുത്തുന്നപക്ഷം ലേലക്കാരൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യവും മറ്റെല്ലാ തുകകളും സർക്കാരിലേക്ക് കണ്ട് കെട്ടുന്നതും ഉടമ്പടി റദ്ദാക്കുന്നതുമായിരിക്കും.

6. ബാലൻസ് തുക ഒടുക്കൽ

(എ) വെട്ടി ശേഖരിക്കുന്ന പൾപ്പ് വുഡ് മരങ്ങൾ ഒരു മീറ്റർ നീളത്തിലുള്ള ബില്ലറ്റുകളാക്കി തോട്ടത്തിനുള്ളിലോ തോട്ടത്തിന് വെളിയിൽ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ അനുവദിക്കുന്ന സ്ഥലത്തോ ഒരു മീറ്റർ ഉയരത്തിൽ അട്ടിവയ്ക്കേണ്ടതാണ്. പൾപ്പ് വുഡ് മരങ്ങൾ മറ്റേതെങ്കിലും അളവുകളിലുള്ള ബില്ലറ്റുകളാക്കി മാറ്റേണ്ടതുണ്ടെങ്കിൽ കരാർ തോട്ടത്തിനുള്ളിൽ ഏകീകൃതസ്വഭാവം കൈവരുത്തുന്നതിനായി ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്. മരങ്ങളുടെ തലപ്പുകളും ശിഖരങ്ങളും ഡിവിഷണൽ ഫോറസ്റ്റ് ആഫീസറും കോൺട്രാക്ടറും പരസ്പരം ധാരണ ഉണ്ടാക്കിയ നീളത്തിൽ അളവെടുക്കുന്നതിന് അനുയോജ്യമായ നീളത്തിൽ മുറിച്ചെടുത്ത് അട്ടിവെയ്ക്കേണ്ടതാണ്. അട്ടിവെച്ച ഒരു ടൺ എന്നത് ഉദ്ദേശിക്കുന്നത് രണ്ട് മീറ്റർ നീളത്തിൽ ഒരു മീറ്റർ നീളമുള്ള ബില്ലറ്റുകൾ ഒരു മീറ്റർ ഉയരത്തിൽ അട്ടിവെയ്ക്കുമ്പോൾ ലഭിക്കുന്ന രണ്ട് ക്യുബിക് മീറ്റർ വ്യാപ്തമുള്ള അട്ടിയാണ്. ഈ അളവാണ് വില കണക്കാക്കുന്നതിന് വേണ്ടി ഉപയോഗിക്കുന്നത്. തൊലിയോട് കൂടിയ ഒരു സ്റ്റാക്ക്ഡ് ടണ്ണിൽ നിന്നും തൊലിയില്ലാത്ത ഒരു ടണ്ണിലേക്ക് മാറ്റുന്നതിനുള്ള കൺവർഷൻ ഫാക്ടർ തൊലിയില്ലാത്ത ഒരു സ്റ്റാക്ക്ഡ് ടൺ എന്നത് തൊലിയോടുകൂടിയ 2.44 ക്യൂബിക് മീറ്റർ എന്നതിന് തുല്യമായിരിക്കും എന്നതാണ്.

(i) ലേലക്കാരൻ അട്ടികൾക്ക് പെയിന്റ് കൊണ്ട് സീരിയൽ നമ്പർ നൽകേണ്ടതും അത്തരം അട്ടികളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി ഫീൽഡ് ജീവനക്കാർക്ക് നൽകേണ്ടതുമാണ്. ഫീൽഡ് ജീവനക്കാർ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനുശേഷം ആയത് റെയിഞ്ചാഫീസർക്ക് സമർപ്പിക്കുകയും റെയിഞ്ചാഫീസർ ഇത് സംബന്ധിച്ച വിവരം സംയുക്ത പരിശോധനയ്ക്കായി ലേലക്കാരനെയോ ഏജന്റിനെയോ അറിയിക്കുകയും ചെയ്യുന്നതാണ്. റെയിഞ്ചാഫീസറും ലേലക്കാരനും സംയുക്ത പരിശോധന/ചെക്ക് മെഷർ ചെയ്ത ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ഇൻവോയ്സ്/ബില്ല് തയ്യാറാക്കുകയും പാസ്സ് നൽകുകയും ചെയ്യുന്നതിന് മുമ്പ് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ കുറഞ്ഞത് 25 ശതമാനം എങ്കിലും ചെക്ക് മെഷർ ചെയ്യുന്നതാണ്.

(ബി) അട്ടികളുടെ ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ചെക്ക് മെഷർ ചെയ്തതിന് ശേഷം തയ്യാറാക്കി നൽകുന്ന ഇൻവോയിസ് രജിസ്ട്രേഡ് പോസ്റ്റ് മുഖേനയോ പ്രത്യേക ദൂതൻ മുഖേനയോ ലേലക്കാരന് ലഭ്യമാക്കുന്നതാണ്. ആയത് ലഭ്യമായി 18 ദിവസത്തിനകം ലേലക്കാരൻ തുക ഒടുക്കേണ്ടതാണ്.

(i) ബാലൻസ് തുക ലഭ്യമാക്കുന്നതിനുള്ള ഇൻവോയിസ് ലേലക്കാരന്റെ ലോക്കൽ ഏജന്റ് മുഖേനയും നൽകുന്നതാണ്.

(ii) ഇൻവോയിസ് പ്രകാരമുള്ള തുക ആയത് ലഭ്യമായി 18 ദിവസത്തിനുള്ളിൽ ലേലക്കാരൻ കൊടുക്കേണ്ടതാണ്. 18 ദിവസത്തിനുള്ളിൽ തുക ഒടുക്കാത്തപക്ഷം 18% പിഴപ്പലിശയോടുകൂടി 30 ദിവസത്തേക്കുകൂടി തുക അടയ്ക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവാദം നൽകുന്നതായിരിക്കും. അപ്രകാരമുള്ള സാഹചര്യത്തിൽ 15 ദിവസം വരെയുള്ള കാലാവധി അരമാസക്കാലയളവായും 15 ദിവസം മുതൽ 30 ദിവസം വരെയുള്ള കാലാവധി ഒരു മാസമായും പരിഗണിച്ചായിരിക്കും പിഴപ്പലിശ ഈടാക്കുന്നത്. യാതൊരു കാരണവശാലും 30 ദിവസത്തെ കാലാവധിക്ക് മുകളിൽ തുക ഒടുക്കുവാൻ അനുവാദം നൽകുന്നതല്ല. പ്രസ്തുത കാലാവധിക്കുശേഷവും ലേലക്കാരൻ തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം ലേലക്കാരൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യവും ഒടുക്കിയിട്ടുള്ള മറ്റ് തുകകളും വെട്ടി ശേഖരിച്ചിട്ടുള്ള മരങ്ങളും മറ്റ് ഉൽപ്പന്നങ്ങളും സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും തടി ഉൽപ്പന്നങ്ങൾ ലേലക്കാരന്റെ പരിപൂർണ്ണ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതുമായിരിക്കും. ലേല വ്യവസ്ഥകളിൽ വീഴ്ച വരുത്തുന്നപക്ഷം ലേലക്കാരൻ ഒടുക്കിയിട്ടുള്ള സെക്യൂരിറ്റി തുകയും സർക്കാരിലേക്ക് കണ്ടുകെട്ടുന്നതായിരിക്കും.

(സി) 15% അഡ്വാൻസായി ഒടുക്കിയ തുക ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകുന്ന ഇൻവോയിസിനെക്കാളും കൂടുതൽ തുക ഉള്ളതാണെങ്കിൽ ആയത് ഭാവിയിൽ ശേഖരിക്കുന്ന തടിയുടെ വിലയുമായി അഡ്ജസ്റ്റ് ചെയ്യുന്നതാണ്. ഇൻവോയ്സ് തുക 15% അഡ്വാൻസ് തുകയെക്കാൾ കൂടുതലാണെങ്കിൽ അധികമുള്ള ഇൻവോയിസ് തുക ലേലക്കാരൻ ഒടുക്കേണ്ടതാണ്. കൂടാതെ, ലേലക്കാരൻ അധികമായി തുക അടച്ചിട്ടുള്ളതായി കണ്ടെത്തുന്നപക്ഷം ജോലികൾ വിജയകരമായി പൂർത്തിയാക്കി കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ആയത് തിരികെ നൽകുന്നതായിരിക്കും.

(ഡി) നോട്ടിഫിക്കേഷനിൽ പറയുന്ന മരങ്ങളുടെ അളവ് കൃത്യമായ ഒരു കണക്ക് അല്ലായെന്നതിനാൽ മരങ്ങൾ മുറിച്ച് ശേഖരിച്ചശേഷം എടുക്കുന്ന അളവുകളായിരിക്കും അന്തിമമായി തുക കണക്കാക്കുന്നതിന് ഉപയോഗിക്കുന്നത്. ഏതെങ്കിലും കാരണവശാൽ ഒരു തോട്ടത്തിൽ നോട്ടിഫിക്കേഷൻ പ്രകാരമുള്ള അളവിലുള്ള തടികൾ ശേഖരിച്ചതിനുശേഷം മരങ്ങൾ മുറിക്കുവാൻ അവശേഷിക്കുന്നപക്ഷം ബന്ധപ്പെട്ട വിലയും നികുതികളും ഒടുക്കി ലേലക്കാരൻ അവശേഷിക്കുന്ന മരങ്ങൾകൂടി ഉടമ്പടി വ്യവസ്ഥകൾ പ്രകാരം മുറിക്കേണ്ടതാണ്. അപ്രകാരം മരങ്ങൾ മുറിച്ച് ശേഖരിക്കാത്തപക്ഷം കരാറുകാരൻ ഒടുക്കിയിട്ടുള്ള സെക്യൂരിറ്റി തുക കണ്ടുകെട്ടുന്നതും കൂടാതെ ആയതുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടാകുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതുമാണ്.

7. കരാർ കാലാവധി

(എ) കരാർ കാലാവധി ലേല സ്ഥിരീകരണ അറിയിപ്പ് ലഭിക്കുന്ന തീയതി മുതൽ 150 ദിവസം ആയിരിക്കും. സാധാരണഗതിയിൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതല്ല. പ്രത്യേക സാഹചര്യങ്ങളിൽ ന്യായമായ കാരണങ്ങളാൽ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ഒരു ഹെക്ടറിന് ₹ 5,000 നിരക്കിൽ തുക ഈടാക്കുന്നതിന് വിധേയമായി 30 ദിവസത്തേക്ക് കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതായിരിക്കും. ഇപ്രകാരം ദീർഘിപ്പിച്ച് നൽകുന്ന 30 ദിവസത്തിനുശേഷം യാതൊരു കാരണവശാലും കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതല്ല.

(i) ദീർഘിപ്പിച്ചു നൽകിയ സമയത്തിനുള്ളിലും ഉടമ്പടി പ്രകാരം ശേഖരിച്ച ഉൽപ്പന്നങ്ങൾ നീക്കം ചെയ്യുന്നില്ലായെങ്കിൽ ആയത് സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും അതിൽ ലേലക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

(ii) മേൽപ്രകാരമുള്ള സാഹചര്യത്തിൽ ലേലക്കാരൻ പൂർത്തിയാക്കാതെപോയ ജോലികൾ മറ്റ് ഏതെങ്കിലും തരത്തിൽ പൂർത്തിയാക്കുന്നതും, അപ്രകാരം സർക്കാരിനുണ്ടാകുവാൻ സാധ്യതയുള്ള എല്ലാ കഷ്ടനഷ്ടങ്ങൾക്കും ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും അപ്രകാരമുണ്ടാകുന്ന എല്ലാവിധ നഷ്ടങ്ങളും റവന്യൂ റിക്കവറി ഉൾപ്പെടെ നിലവിലുള്ള നിയമപരമായ മാർഗ്ഗങ്ങളിലൂടെ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

(ബി) അക്കേഷ്യ ഓറിക്കുലിഫോർമിസ്/അക്കേഷ്യ മാഞ്ചിയം ബില്ലറ്റുകൾ ശേഖരിച്ച് കൂപ്പിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള ലൈസൻസ് നിലവിലുള്ള നിയമങ്ങൾ പ്രകാരം മാത്രമായിരിക്കും അനുവദിച്ച് നൽകുന്നത്.

(സി) ഉടമ്പടി പ്രകാരം മുറിച്ച് ശേഖരിച്ച് നീക്കം ചെയ്യുന്ന പൾപ് വുഡ് ഉൽപ്പന്നങ്ങൾ എത്തിച്ച് ശേഖരിക്കുന്ന സ്ഥലം മുൻകൂറായി ലേലക്കാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ അറിയിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ മുൻകൂറായി അറിയിച്ചിരുന്ന സ്ഥലത്തുനിന്നും ഉൽപ്പന്നങ്ങൾ മറ്റ് ഏതെങ്കിലും സ്ഥലത്ത് സൂക്ഷിക്കുവാൻ ഇടയാകുന്ന പക്ഷം ആ വിവരവും പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ മുൻകൂറായി അറിയിക്കേണ്ടതാണ്.

8. സെക്യൂരിറ്റി ഡെപ്പോസിറ്റ്

(എ) ലേല സ്ഥിരീകരണ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ ലേലക്കാരൻ സെയിൽ വാല്യുവിന്റെ 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി ഒടുക്കേണ്ടതാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഉടമ്പടി വ്യവസ്ഥകൾ പ്രകാരം ജോലികൾ വിജയകരമായി നിർവ്വഹിച്ചശേഷം ജി. എസ്. റ്റി. ക്ലിയറൻസ് സർട്ടിഫിക്കറ്റ്, വരുമാന നികുതി സർട്ടിഫിക്കറ്റ് തുടങ്ങിയവ ഹാജരാക്കുന്ന മുറയ്ക്ക് മാത്രം വിട്ടുനൽകുന്നതാണ്. ജോലികൾ നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട് കരാറുകാരന്റെ പേരിൽ ഏതെങ്കിലും തരത്തിലുള്ള ബാദ്ധ്യതകൾ ഉണ്ടാകുന്നപക്ഷം ആയത് സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതായിരിക്കും.

(ബി) ലേല വ്യവസ്ഥകൾ പ്രകാരം സർക്കാരിലേക്ക് ഒടുക്കേണ്ട തുകകൾ എല്ലാം തന്നെ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ആവശ്യപ്പെടുന്നതനുസരിച്ച് ലേലക്കാരൻ ഒടുക്കേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നപ്രകാരം സർക്കാരിലേക്ക് ചെല്ലേണ്ട തുക ഒടുക്കുന്നില്ലായെങ്കിൽ ആ തുക ഭൂനികുതി കുടിശ്ശികയായി കണക്കാക്കി റവന്യൂ റിക്കവറി നിയമമോ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് യുക്തമെന്ന് തോന്നുന്ന മറ്റ് അനുയോജ്യമായ നിയമമോ പ്രകാരം ഈടാക്കുന്നതാണ്.

(സി) സെയിൽ കൂപ്പുകൾക്ക് ബാധകമായ എല്ലാ വ്യവസ്ഥകളും ഈ ലേലത്തിന് ബാധകമായിരിക്കും.

9. മരങ്ങളുടെ വെട്ടി ശേഖരണം സംബന്ധിച്ച പൊതു വ്യവസ്ഥകൾ

താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഉൽപ്പന്നങ്ങളുടെ വെട്ടിശേഖരണം നടത്തേണ്ടതാണ്.

(എ) ലേലത്തിലെടുത്തിട്ടുള്ള തോട്ടങ്ങൾ ലേലക്കാരൻ യാതൊരു കാരണവശാലും മറ്റൊരു വ്യക്തിക്കോ സ്ഥാപനത്തിനോ കൈമാറുവാൻ പാടുള്ളതല്ല.

(ബി) പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നോ പത്തനാപുരം/അഞ്ചൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നോ രേഖാമൂലമുള്ള അനുവാദം വാങ്ങാതെ ലേലക്കാരനോ, ലേലക്കാരന്റെ ഏജന്റോ മറ്റ് ജോലിക്കാരോ കൂപ്പിനുള്ളിൽ പ്രവേശിക്കുവാൻ പാടുള്ളതല്ല.

(സി) കരാർ കാലാവധി കഴിയുന്നതുവരെ ലേലക്കാരൻ തോട്ടങ്ങളുടെ അതിരുകൾ രണ്ട് മീറ്റർ വീതിയിൽ അതിരുകൾ വ്യക്തമാകത്തക്കവിധം അടിക്കാട് തെളിച്ച് സൂക്ഷിക്കേണ്ടതാണ്. ലേലക്കാരൻ ഇപ്രകാരം ചെയ്യാത്തപക്ഷം ആയത് ഡിപ്പാർട്ടുമെന്റലായി നിർവ്വഹിക്കുന്നതും ആയത് മൂലമുണ്ടാകുന്ന ചെലവുകൾക്കും മറ്റ് നഷ്ടങ്ങൾക്കും ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും ആയത് ലേലക്കാരനിൽ നിന്നും നോട്ടീസ് നൽകി ഈടാക്കുന്നതുമായിരിക്കും.

(ഡി) കരാർ ഏറ്റെടുത്തിട്ടുള്ള പ്രദേശത്ത് ലേലക്കാരൻ സാക്ഷ്യപ്പെടുത്തിയ ഏജന്റിന്റെ സേവനം എല്ലായ്പ്പോഴും ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം കരാറുകാരൻ സാക്ഷ്യപ്പെടുത്തി ഏർപ്പെടുത്തുന്ന ഏജന്റ്/ഏജന്റുമാരുടെ പേര്, അഡ്രസ്സ്, സാക്ഷ്യപ്പെടുത്തിയ കയ്യൊപ്പ് എന്നിവ പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. ലേലക്കാരൻ ഏർപ്പെടുത്തുന്ന ഏജന്റിനെ നിരസിക്കുവാനുള്ള അധികാരം പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്. കേരള വനം വകുപ്പോ, കേരള സർക്കാരോ കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുള്ള വ്യക്തികളെ ഏജന്റായോ, ജോലിക്കാരായോ ലേലക്കാരൻ ഉൾപ്പെടുത്തുവാൻ പാടില്ല.

(ഇ) കരാറുകാരൻ ഏർപ്പെടുത്തുന്ന ഏജന്റുമാർക്കും, ജോലിക്കാർക്കും അവരുടെ പേര്, വയസ്സ്, നിലവിലെ മേൽവിലാസം, കാലാവധി എന്നിവ രേഖപ്പെടുത്തിയ രേഖാമൂലമുള്ള തിരിച്ചറിയൽ രേഖ നൽകേണ്ടതാണ്. വനം വകുപ്പ് ഉദ്യോഗസ്ഥരോ പോലീസോ ആവശ്യപ്പെടുന്നപക്ഷം ഏത് സമയത്തും ടി തിരിച്ചറിയൽ രേഖ പരിശോധനയ്ക്കായി നൽകേണ്ടതാണ്.

(എഫ്) ലേലക്കാരനും ഏജന്റും ജോലിക്കാരും കേരള വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ തടികൾ മുറിച്ച് ശേഖരിച്ച് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സമയാസമയങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്.

(ജി) ലേലക്കാരും ഏജന്റും ജോലിക്കാരും കരാർ പ്രകാരമുള്ള ജോലികൾ നടന്നുകൊണ്ടിരിക്കുന്ന പ്രദേശത്ത് നിന്നും യാതൊരു കാരണവശാലും മറ്റ് വനപ്രദേശങ്ങളിലേക്ക് തീ പടരുവാനുള്ള സാധ്യതകൾ സൃഷ്ടിക്കരുത്.

(എച്ച്) ഏതെങ്കിലും കാരണവശാൽ കരാർ ജോലികൾ നടന്നുകൊണ്ടിരിക്കുന്ന വനപ്രദേശത്തോട് ചേർന്ന് തീ പിടുത്തമുണ്ടാകുന്ന പക്ഷം തീ അണയ്ക്കുന്നതിനുള്ള അടയന്തിര നടപടികൾ സ്വീകരിക്കേണ്ടതും തീ ഉണ്ടായിട്ടുള്ള വിവരം ബന്ധപ്പെട്ട വനം വകുപ്പ്, പോലീസ്, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഐ) കരാർ വ്യവസ്ഥ പ്രകാരം വെട്ടി ശേഖരിക്കുന്ന പൾപ്പ് വുഡ് ഉൽപ്പന്നങ്ങൾക്ക് തീമൂലമോ മോഷണംമൂലമോ മറ്റേതെങ്കിലും കാരണങ്ങളാലോ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. വെട്ടി ശേഖരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് നാശനഷ്ടം സംഭവിക്കുവാൻ ഇടയുള്ള സാഹചര്യത്തിൽ ആയവ ലേലക്കാരൻ ഇൻഷ്വർ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

(ജെ) ലേലക്കാരനും, ലേലക്കാരന്റെ ഏജന്റും മറ്റ് ജോലിക്കാരും കേരള ഫോറസ്റ്റ് ആക്ട്, വന്യജീവി സംരക്ഷണ നിയമം തുടങ്ങിയ എല്ലാ വനനിയമങ്ങളും പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ക്രിമിനൽ കുറ്റങ്ങളിൽ പ്രതിചേർക്കപ്പെട്ടിട്ടുള്ളവർ യാതൊരു കാരണവശാലും ജോലിസ്ഥലത്ത് അനുവദനീയരല്ല.

(കെ) കരാർ ഏറ്റെടുത്തിട്ടുള്ള സ്ഥലത്ത് പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പ്രത്യേകമായി നിർദ്ദേശിക്കാത്തപക്ഷം നിലവിലുള്ള എല്ലാ പൾപ്പ് വുഡ് മരങ്ങളും വെട്ടി ശേഖരിക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. ആയതിൽ കരാറുകാരൻ വീഴ്ച വരുത്തുന്നപക്ഷം കരാറുകാരൻ മുറിച്ച് നീക്കം ചെയ്യാതെ അവശേഷിക്കുന്ന ഉൽപ്പന്നങ്ങൾ കരാർ വ്യവസ്ഥയിൽ പറഞ്ഞിരിക്കുന്ന നിരക്കിൽ കേരള വനം വകുപ്പ് ഏറ്റെടുക്കുന്നതായിരിക്കും.

(എൽ) കരാർ എടുത്തിട്ടുള്ള തോട്ടത്തിലേയോ സമീപ റിസർവ്വുകളിലേയോ മരങ്ങൾക്ക് ഉണ്ടാകാവുന്ന എല്ലാവിധ നാശങ്ങൾക്കും നഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. ആയതുമായി ബന്ധപ്പെട്ട് നിയമപരമായി സ്വീകരിക്കുന്ന നടപടികളിൽ കരാറുകാരന് ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.

(എം) ലേലക്കാരൻ ആവശ്യപ്പെടുന്നപക്ഷം ലേലക്കാരന്റെ ഉത്തരവാദിത്വത്തിൽ കൂപ്പിന് പുറത്ത് ബില്ലറ്റുകൾ സൂക്ഷിക്കുവാൻ പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവാദം നൽകുന്നതാണ്.

(എൻ) കരാറെടുത്തിട്ടുള്ള കൂപ്പിന്റെ 100 മീറ്റർ പരിധിയിൽ സംഭവിക്കുന്ന എല്ലാവിധ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും കരാറെടുത്തിട്ടുള്ള ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. ഏതെങ്കിലും തരത്തിലുള്ള നിയമ വിരുദ്ധ പ്രവർത്തനങ്ങൾ കൂപ്പിന്റെ 100 മീറ്റർ പരിധിയിൽ സംഭവിക്കുന്നപക്ഷം ആയത് വനം വകുപ്പ് ഉദ്യോഗസ്ഥരോട് റിപ്പോർട്ട് ചെയ്യാത്തപക്ഷം കരാർ റദ്ദാവുന്നതാണ്.

10. <u>മരങ്ങൾ മുറിക്കുന്നതിനുള്ള വ്യവസ്ഥകൾ</u>

(എ) താഴെപ്പറയുന്ന വ്യവസ്ഥകൾക്കനുസൃതമായി മാത്രമേ മരങ്ങൾ മുറിക്കുവാൻ പാടുള്ളൂ.

(i) കരാർ എടുത്തിരിക്കുന്ന തോട്ടം 10 ഹെക്ടർ വീതമുള്ള ബ്ലോക്കുകളായി തിരിച്ച് മാത്രമേ മരങ്ങൾ മുറിച്ച് ശേഖരിച്ച് നീക്കം ചെയ്യുവാൻ പാടുള്ളൂ.

(ii) കരാർ എടുത്തിട്ടുള്ള തോട്ടത്തിൽ നിൽക്കുന്ന മറ്റ് മരങ്ങൾക്കും സസ്യജാലങ്ങൾക്കും കേടുപാടുണ്ടാകാതെ വേണം വെട്ടി ശേഖരണം നടത്തേണ്ടത്.

(iii) മരങ്ങൾ മുറിച്ച് നീക്കം ചെയ്യുമ്പോൾ താഴെപ്പറയുന്ന മുൻകരുതലുകൾ കൂടി സ്വീകരിക്കേണ്ടതാണ്.

(എ) മരങ്ങൾ തോട്ടത്തിന്റെ ഉയർന്ന ഭാഗത്തുനിന്നും താഴേക്കുമാത്രമേ മുറിക്കാവൂ. തോട്ടത്തിൽ നിന്നും മരങ്ങൾ മുറിച്ച് നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്ന വഴിയുടെ ഏറ്റവും അവസാന ഭാഗത്തുനിന്നും മാത്രമേ മരങ്ങൾ മുറിച്ചു തുടങ്ങാവൂ.

(ബി) മരങ്ങൾ പരമാവധി മൂർച്ചയുള്ള ഉപകരണം കൊണ്ട് മുറിക്കേണ്ടതും, മരക്കുറ്റികൾ മൺ നിരപ്പിൽ നിന്നും പരമാവധി 15 സെന്റീമീറ്റർ മുകളിലേക്ക് മാത്രം നിൽക്കുന്ന തരത്തിലും മുറിക്കേണ്ടതാണ്.

(സി) ബില്ലറ്റുകൾ വാൾ ഉപയോഗിച്ച് മാത്രമേ മുറിക്കാവൂ.

(ഡി) തൊലിയില്ലാതെ 15 സെന്റീമീറ്റർ വരെ തലപ്പ് ചുറ്റുവണ്ണമുള്ള കഷ്ണങ്ങൾ വരെ ശേഖരിക്കേണ്ടതാണ്.

(ഇ) ശേഖരിക്കുന്ന ബില്ലറ്റുകൾ ഒരു മീറ്റർ × ഒരു മീറ്റർ × രണ്ടു മീറ്റർ എന്ന അളവിൽ അട്ടിവെയ്ക്കേണ്ടതാണ്.

(എഫ്) കരാറുകാരനിൽ നിന്നോ ഏജന്റിൽ നിന്നോ മറ്റ് ജോലിക്കാരിൽ നിന്നോ ഉണ്ടാകുന്ന നോട്ടക്കുറവുമൂലം ഉണ്ടാകുന്ന എല്ലാ നാശനഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്.

11. <u>പൾപ്പ് വുഡ് അട്ടിവെച്ച് അളക്കുന്നത് സംബന്ധിച്ച്</u>

(എ) വെട്ടി ശേഖരിക്കുന്ന പൾപ്പ് വുഡ് മരങ്ങൾ ഒരു മീറ്റർ നീളത്തിലുള്ള ബില്ലറ്റുകളാക്കി തോട്ടത്തിനുള്ളിലോ തോട്ടത്തിന് വെളിയിൽ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ അനുവദിക്കുന്ന സ്ഥലത്തോ ഒരു മീറ്റർ ഉയരത്തിൽ അട്ടിവെയ്ക്കേണ്ടതാണ്. പൾപ്പ് വുഡ് മരങ്ങൾ മറ്റേതെങ്കിലും അളവുകളിലുള്ള ബില്ലറ്റുകളാക്കി മാറ്റേണ്ടതുണ്ടെങ്കിൽ കരാർ തോട്ടത്തിനുള്ളിൽ ഏകീകൃതസ്വഭാവം കൈവരുത്തുന്നതിനായി ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

മരങ്ങളുടെ തലപ്പുകളും ശിഖരങ്ങളും ഡിവിഷണൽ ഫോറസ്റ്റ് ആഫീസറും കോൺട്രാക്ടറും പരസ്പരം ധാരണ ഉണ്ടാക്കിയ നീളത്തിൽ അളവെടുക്കുന്നതിന് അനുയോജ്യമായ നീളത്തിൽ മുറിച്ചെടുത്ത് അട്ടിവെയ്ക്കേണ്ടതാണ്. അട്ടിവെച്ച ഒരു ടൺ എന്നത് ഉദ്ദേശിക്കുന്നത് രണ്ട് മീറ്റർ നീളത്തിൽ ഒരു മീറ്റർ നീളമുള്ള ബില്ലറ്റുകൾ ഒരു മീറ്റർ ഉയരത്തിൽ അട്ടിവെയ്ക്കുമ്പോൾ ലഭിക്കുന്ന രണ്ട് ക്യുബിക് മീറ്റർ വ്യാപ്തമുള്ള അട്ടിയാണ്. ഈ അളവാണ് വില കണക്കാക്കുന്നതിനു വേണ്ടി ഉപയോഗിക്കുന്നത്. തൊലിയോട് കൂടിയ ഒരു സ്റ്റാക്ക്ഡ് ടണ്ണിൽ നിന്നും തൊലിയില്ലാത്ത ഒരു ടണ്ണിലേക്ക് മാറ്റുന്നതിനുള്ള കൺവർഷൻ ഫാക്ടർ തൊലിയില്ലാത്ത ഒരു സ്റ്റാക്ക്ഡ് ടൺ എന്നത് തൊലിയോടുകൂടിയ 2.44 ക്യുബിക് മീറ്റർ എന്നതിന് തുല്യമായിരിക്കും എന്നതാണ്.

(ബി) ലേലക്കാരൻ അട്ടികൾക്ക് പെയിന്റ് കൊണ്ട് സീരിയൽ നമ്പർ നൽകേണ്ടതും അത്തരം അട്ടികളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി ഫീൽഡ് ജീവനക്കാർക്ക് നൽകേണ്ടതുമാണ്. ഫീൽഡ് ജീവനക്കാർ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനു ശേഷം ആയത് റെയിഞ്ചാഫീസർക്ക് സമർപ്പിക്കുകയും റെയിഞ്ചാഫീസർ ഇത് സംബന്ധിച്ച വിവരം സംയുക്ത പരിശോധനയ്ക്കായി ലേലക്കാരനേയോ ഏജന്റിനേയോ അറിയിക്കുകയും ചെയ്യുന്നതാണ്. റെയിഞ്ച് ഓഫീസറും ലേലക്കാരനും സംയുക്ത പരിശോധന/ചെക്ക് മെഷർ ചെയ്ത ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ഇൻവോയ്സ്/ബില്ല് തയ്യാറാക്കുകയും പാസ്സ് നൽകുകയും ചെയ്യുന്നതിന് മുമ്പ് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ കുറഞ്ഞത് 25 ശതമാനം എങ്കിലും ചെക്ക് മെഷർ ചെയ്യുന്നതാണ്.

12. പൾപ്പ് വുഡ് ഉൽപ്പന്നങ്ങൾ നീക്കം ചെയ്യുന്നത്

ലേലക്കാരൻ വെട്ടിശേഖരിക്കുന്ന ഉൽപ്പന്നങ്ങൾ സ്വന്തം ചെലവിലും ക്രമീകരണത്തിലും നിർദ്ദിഷ്ട സ്ഥലത്തേക്ക് കടത്തിക്കൊണ്ട് പോകേണ്ടതാണ്. ഉൽപ്പന്നങ്ങൾ ലേലക്കാരനോ അദ്ദേഹത്തിന്റെ ഏജന്റോ കടത്തിക്കൊണ്ട് പോകേണ്ടത് കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് ട്രാൻസിസ്റ്റ് റൂളുകളിൽ പറയും പ്രകാരം നിർദ്ദിഷ്ട പാസ്സോടുകൂടി ആയിരിക്കണം. പാസ്സുകൾ വനം വകുപ്പ് നൽകുന്നതായിരിക്കും. ലേലക്കാരൻ ഉൽപ്പന്നങ്ങൾ കടത്തിക്കൊണ്ട് പോകേണ്ടത് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ അംഗീകരിച്ച വഴികളിലൂടെയും കെ. എഫ്. പി. റ്റി. റൂൾസ് മോട്ടോർ വെഹിക്കിൾസ് ആക്ട് എന്നിവയുടെ വ്യവസ്ഥകൾ പാലിച്ചുമായിരിക്കണം.

13. കടത്ത് പാസ്സ് നൽകുന്നത്

ലേലക്കാരൻ അല്ലെങ്കിൽ ഏജന്റിന് ഇൻവോയ്സ് നൽകിയ ശേഷം ഉൽപ്പന്നങ്ങൾ കടത്തിക്കൊണ്ട് പോകുന്നതിന് പാസ്സ് നൽകുന്നതാണ്. എന്നാൽ കടത്തിക്കൊണ്ട് പോകാൻ അനുവദിച്ചിട്ടുള്ള ഉൽപ്പന്നങ്ങളുടെ വില അഡ്വാൻസ് തുകയിൽ അധികരിക്കുവാൻ പാടില്ല.

(എ) ഇൻവോയിസ് തയ്യാറാക്കിയ ശേഷം ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിർദ്ദിഷ്ട സ്ഥലത്തേക്ക് ഉൽപ്പന്നങ്ങൾ കടത്തിക്കൊണ്ട് പോകുന്നതിന് നിയമപ്രകാരം പാസ്സിന്റെ വില ഈടാക്കിക്കൊണ്ട് ഫോം III വെള്ള/ഫോം III ചുവപ്പ് പാസ്സ് നൽകുന്നതായിരിക്കും.

(ബി) ശേഖരിച്ച ഉൽപ്പന്നങ്ങൾ തോട്ടത്തിൽ തന്നെയുള്ള ഡമ്പിംഗ് സൈറ്റിലേക്ക് കടത്തിക്കൊണ്ട് പോകുന്നതിന് ബന്ധപ്പെട്ട റെയിഞ്ച് ഓഫീസർ/ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ പാസ്സിന്റെ വില ഈടാക്കിക്കൊണ്ട് ഫോം V പെർമിറ്റുകൾ നൽകുന്നതാണ്.

(സി) വെട്ടിശേഖരിച്ച പൾപ്പ് വുഡ് ഉൽപ്പന്നങ്ങൾ ചെക്ക് മെഷർമെന്റിന് ശേഷം സംസ്ഥാനത്തിന് അകത്തുള്ള നിർദ്ദിഷ്ട സ്ഥലത്തേക്ക് ഒറ്റ തവണയായി കൊണ്ടുപോകുവാൻ കഴിയുന്നില്ലായെങ്കിൽ ആവശ്യമായ ഫോം VI മഞ്ഞ സബ്സിഡറി പാസ്സുകൾ, പാസ്സിന്റെ വില ഈടാക്കിക്കൊണ്ട് നൽകുന്നതാണ്.

(ഡി) പാസ്സുകളുടെ കണക്കുകൾ ലേലക്കാരൻ സൂക്ഷിക്കേണ്ടതും രണ്ട് ആഴ്ച കൂടുമ്പോൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്.

(ഇ) ലേലക്കാരൻ ശേഖരിച്ച് അട്ടിവെച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റേയോ പരിശോധനയ്ക്ക് വിധേയമായിരിക്കും.

(എഫ്) ഉൽപ്പന്നങ്ങളുടെ നിർദ്ദിഷ്ട സ്ഥലത്തേക്കോ ഇടക്കാല സ്ഥലത്തേക്കോ ഉള്ള കടത്ത് റെയിഞ്ച് ഓഫീസർ നിർദ്ദേശിക്കുന്ന വഴികളിലൂടെ ആയിരിക്കണം.

14. ഉൽപന്നങ്ങൾ കടത്തിക്കൊണ്ടുപോകുന്നതിനുള്ള കാലതാമസം-പാസ്സുകളുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്

ലേലക്കാരൻ പാസ്സ് നൽകി 30 ദിവസത്തിനകമോ കരാർ കാലാവധിക്കുള്ളിലോ ഏതാണോ ആദ്യം വരിക ആ തീയതിയ്ക്കകം ഉൽപന്നങ്ങൾ കടത്തിക്കൊണ്ട് പോകേണ്ടതാണ്. പാസ്സിന്റെ കാലാവധി ഒരു മാസമോ അതിൽ കുറവുള്ള കാലയളവിലേക്കോ സ്റ്റാക്ക്ഡ് ടണ്ണിന് ₹ 10 നിരക്കിൽ പിഴപലിശ ഈടാക്കിക്കൊണ്ട് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതാണ്. ഒരു മാസത്തിൽ കൂടുതൽ കാലയളവിലേക്കുള്ള കാലാവധി സ്റ്റാക്ക്ഡ് ടണ്ണിന് പ്രതിമാസം ₹ 20 ഈടാക്കിക്കൊണ്ട് കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ദീർഘിപ്പിച്ച് നൽകുന്നതാണ്.

15. ഉപയോഗിച്ചതും ഉപയോഗിക്കാത്തതുമായ പാസ്സുകളുടെ കൗണ്ടർ ഫോയിലുകൾ

കരാർ കാലാവധിയോ ദീർഘിപ്പിച്ച കാലാവധിയോ കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ ഉപയോഗിച്ച പാസ്സുകളുടെ കൗണ്ടർ ഫോയിലുകളും ഉപയോഗിക്കാത്ത പാസ്സുകളും ലേലക്കാരൻ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് തിരികെ നൽകേണ്ടതാണ്. കരാർ റദ്ദാക്കുകയാണെങ്കിലും ഉപയോഗിച്ച പാസ്സുകളുടെ കൗണ്ടർഫോയിലുകളും ഉപയോഗിക്കാത്ത പാസ്സുകളും ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് തിരികെ നൽകേണ്ടതാണ്.

16. രേഖകളുടെ സൂക്ഷിപ്പ്

ഉൽപ്പന്നങ്ങളുടെ വെട്ടിശേഖരണവും കടത്തിക്കൊണ്ട് പോകലും സംബന്ധിച്ച കൃത്യവും വിശദവുമായ കണക്കുകൾ ലേലക്കാർ സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച പ്രതിമാസ പ്രോഗ്രസ് റിപ്പോർട്ടുകൾ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്കും റെയിഞ്ച് ഓഫീസർക്കും നൽകേണ്ടതാണ്. ലേലക്കാരൻ സൂക്ഷിച്ചിട്ടുള്ള കണക്കുകൾ റെയിഞ്ച് ഫോറസ്റ്റ് ആഫീസറിൽ കുറയാത്ത റാങ്കുള്ള ഏതൊരു വനം വകുപ്പ് ഉദ്യോഗസ്ഥന്റെയും പരിശോധനയ്ക്ക് വിധേയമായിരിക്കും. പ്രോഗ്രസ് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടില്ലായെങ്കിൽ പ്രതിമാസം ₹ 500 നിരക്കിൽ ലേലക്കാരനിൽ നിന്നും പിഴ ഈടാക്കുന്നതാണ്.

17. കരാർ തോട്ടങ്ങൾ തിരികെ നൽകുന്നത്

കരാർ കാലാവധി കഴിയുന്നതോ ജോലി പൂർത്തിയാക്കുന്നതോ ഏതാണോ ആദ്യംവരുക അത് കഴിഞ്ഞാൽ ഉടൻതന്നെ റെയിഞ്ച് ഓഫീസറും കരാറുകാരന്റെ അംഗീകൃത ഏജന്റും ചേർന്ന് സംയുക്ത മഹസ്സർ തയ്യാറാക്കിയതിനുശേഷം ലേലക്കാരൻ തോട്ടം ഡിപ്പാർട്ടുമെന്റിന് കൈമാറേണ്ടതാണ്. കരാറുകാരനോ ഏജന്റോ ഹാജരായില്ലെങ്കിൽ റെയിഞ്ച് ഓഫീസർ എക്സ്പാർട്ടി മഹസ്സർ തയ്യാറാക്കി തോട്ടം തിരികെ എടുക്കുന്നതാണ്. റെയിഞ്ച് ഓഫീസർ തിട്ടപ്പെടുത്തുന്നതും ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ അംഗീകരിക്കുന്നതുമായ നഷ്ടം എന്തെങ്കിലും ഉണ്ടെങ്കിൽ അത് ഒടുക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും. കരാർ കാലാവധി കഴിഞ്ഞാൽ ഉടൻതന്നെ വെട്ടി ശേഖരണം പൂർത്തിയാക്കി കരാർ എടുത്തിട്ടുള്ള ഏരിയ റീപ്ലാന്റിംഗിനായി തിരികെ നൽകിയില്ലായെങ്കിൽ ഒരു തൈക്ക് ₹ 10 നിരക്കിൽ ഹെക്ടറിന് 1600 എണ്ണം/ഹെ. ക്രമത്തിൽ തൈകളുടെ വില ഒടുക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

18. കോൺട്രാക്ട് വ്യവസ്ഥകളുടെ ലംഘനത്തിനുള്ള മറ്റ് പിഴകൾ

കരാർ വ്യവസ്ഥകൾ മൊത്തമായോ ഏതെങ്കിലും വ്യവസ്ഥകൾ മാത്രമായോ കരാറുകാരൻ ലംഘിക്കുകയാണെങ്കിൽ താഴെപ്പറയും പ്രകാരം പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറോ കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോ തിട്ടപ്പെടുത്തിയ പിഴ ഒടുക്കുന്നതിന് കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

(എ) 15 സെ.മീ. ചുറ്റുവണ്ണമുള്ള ഉൽപ്പന്നങ്ങൾ ശേഖരിക്കാതെ ഉപേക്ഷിക്കുന്നതിന്—റെയിഞ്ച് ഓഫീസർ തിട്ടപ്പെടുത്തി ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ അംഗീകരിക്കുന്ന ഉൽപ്പന്നങ്ങളുടെ വില.

(ബി) കരാർ കാലാവധി കഴിഞ്ഞ് മരങ്ങൾ മുറിച്ച് നീക്കാതെ അവശേഷിക്കുന്ന ഏരിയ—ഹെക്ടറിന് ₹ 5,000.

(സി) മരങ്ങളുടെ ഭാവിയിലേക്കുള്ള വളർച്ച തടസ്സപ്പെടുത്തുന്ന വിധത്തിൽ കേടുപാടുകൾ വരുത്തുന്നതിന്—ഒരു മരത്തിന് ₹ 300.

19. ഇൻകം ടാക്സ് പെയ്മെന്റ്

(എ) 1961-ലെ ഇൻകം ടാക്സ് നിയമപ്രകാരമുള്ള ഇൻകംടാക്സ് നികുതി ഇളവിനായി കരാറുകാരൻ 27 സി ഫോറത്തിലുള്ള ഡിക്ളറേഷൻ ഉൽപന്നങ്ങൾക്കുള്ള ഇൻവോയ്സ് നൽകുന്നതിന് മുമ്പായി ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

(ബി) കരാറുകാരൻ നിർദ്ദിഷ്ട ഡിക്ളറേഷൻ സമർപ്പിക്കുന്നില്ലായെങ്കിൽ ലേല തുകയോടൊപ്പം സെക്ഷൻ 6 സി പ്രകാരമുള്ള ഇൻകംടാക്സ് ഒടുക്കേണ്ടതാണ്.

20. തുക ഒടുക്കുന്നതിനുള്ള നോട്ടീസ് കൈപ്പറ്റുന്നതിന് കരാറുകാരൻ ഏർപ്പെടുത്തേണ്ട ക്രമീകരണങ്ങൾ

കരാറുകാരന്റെ പേരിലുള്ള നോട്ടീസുകൾ, ഇൻവോയ്സുകൾ എന്നിവ കൈപ്പറ്റുന്നതിന് കരാറുകാരൻ നേരിട്ടോ ഏജന്റ് മുഖേനയോ ക്രമീകരണങ്ങൾ വരുത്തുകയോ ശരിയായ പോസ്റ്റൽ മേൽവിലാസം നൽകുകയോ ചെയ്യേണ്ടതാണ്. ഇപ്രകാരം അയയ്ക്കുന്ന നോട്ടീസുകൾ കൈപ്പറ്റാതെ തിരികെ വരുകയാണെങ്കിൽ ആയവ കരാറുകാരൻ കൈപ്പറ്റിയതായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

21. കോൺട്രാക്റ്റ് ക്യാൻസൽ ചെയ്യുന്നതിലേക്ക് നയിക്കുന്ന സംഭവങ്ങൾ

(എ) കോൺട്രാക്ട് വ്യവസ്ഥകളിലെ ഒന്നോ അതിലധികമോ വ്യവസ്ഥകൾ കരാറുകാരൻ ലംഘിക്കുകയാണെങ്കിൽ കരാർ ക്യാൻസൽ ചെയ്യുന്നതിനും കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉൾപ്പടെയുള്ള തുക കണ്ട് കെട്ടുന്നതിനും ടിയാൻ ശേഖരിച്ചിട്ടുള്ള ഉൽപ്പന്നങ്ങൾ കണ്ട് കെട്ടുന്നതിനും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കും. ഈ വിവരം കരാറുകാരനെ അക്ക്നോളഡ്ജ്മെന്റ് കാർഡോടുകൂടിയ രജിസ്ട്രേഡ് കത്ത് മുഖേന അറിയിക്കുന്നതാണ്.

(ബി) കരാർ എടുത്തിട്ടുള്ള ഏരിയായ്ക്ക് ചുറ്റും 100 മീറ്റർ ചുറ്റളവിൽ അനധികൃതമായി തടിമുറിച്ച് നീക്കം ചെയ്യുകയോ മറ്റ് ഏതെങ്കിലും ഉൽപന്നങ്ങൾ നീക്കം ചെയ്യുകയോ ഏതെങ്കിലും വന്യമൃഗത്തെ വേട്ടയാടുകയോ ചെയ്താൽ ആയതിന് കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. അനധികൃതമായ മരം മുറിയോ വേട്ടയാടലോ കരാറുകാരന്റെ അറിവോടുകൂടിയല്ലായെന്ന് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് ബോധ്യമാകുന്ന വിധത്തിൽ തെളിയിച്ചില്ലായെങ്കിൽ കരാർ റദ്ദാക്കുന്നതും കരാറുകാരൻ ഒടുക്കിയിട്ടുള്ള തുകയും കരാറുകാരൻ ശേഖരിച്ചിട്ടുള്ള ഉൽപന്നങ്ങളും കണ്ട് കെട്ടുന്നതുമായിരിക്കും.

(സി) കരാർ ക്യാൻസൽ ചെയ്യുകയാണെങ്കിൽ ആ തോട്ടം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതായിരിക്കും. പുനർലേലത്തിൽ ലഭിക്കുന്ന ഏറ്റവും മികച്ച തുകയ്ക്ക് ആദ്യ ലേലത്തുക എത്രയെന്ന് പരിഗണിക്കാതെ ലേലം ഉറപ്പിക്കുന്നതായിരിക്കും. പുനർലേലത്തിൽ ആദ്യ ലേലത്തേക്കാൾ കുറഞ്ഞ തുകയാണ് ലഭിക്കുന്നതെങ്കിൽ വ്യത്യാസമുള്ള തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതും അധികം തുകയാണ് ലഭിക്കുന്നതെങ്കിൽ ആയതിന് കരാറുകാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. ഇങ്ങനെയുള്ള സന്ദർഭത്തിൽ വെട്ടി ശേഖരിച്ച് വെച്ച ഉൽപന്നങ്ങളുടെ അളവിലോ തൂക്കത്തിലോ കുറവ് വന്നാൽ അത് സർക്കാർ നഷ്ടമായി കണക്കാക്കുന്നതും കരാറുകാരനിൽ നിന്നും നഷ്ടം ഈടാക്കുന്നതുമായിരിക്കും.

22. നഷ്ടമോ കേടുപാടുകളോ ഉണ്ടാകുന്നതിൽ നിന്നുള്ള സംരക്ഷണം

(എ) പ്രകൃതി ദുരന്തങ്ങളോ കാലാവസ്ഥ വ്യതിയാനമോ അസുഖമോ മറ്റേതെങ്കിലും കാരണവശാലോ ഡിപ്പാർട്ട്മെന്റിന് പൾപ്പ് ഉൽപന്നങ്ങൾ നൽകാൻ സാധിക്കുന്നില്ലായെങ്കിൽ കരാറുകാരന് യാതൊരുവിധ നഷ്ടപരിഹാരത്തിനും അർഹതയുണ്ടായിരിക്കുന്നതല്ല.

(ബി) കരാറുകാരന് ലേലത്തിൽ വിറ്റിട്ടുള്ള ഉൽപന്നങ്ങൾ കാട്ടുതീ, വെള്ളപ്പൊക്കം, മറ്റേതെങ്കിലും പ്രകൃതി ദുരന്തങ്ങൾ എന്നിവമൂലം ഉണ്ടാകുന്ന നഷ്ടത്തിനോ കേടുപാടുകൾക്കോ ഡിപ്പാർട്ടുമെന്റ് ഉത്തരവാദിയായിരിക്കുന്നതല്ല.

(സി) പ്ലാന്റേഷനിലോ താൽക്കാലിക ഡംമ്പിഗ് സൈറ്റിലോ സ്റ്റോക്ക് ചെയ്തിട്ടുള്ള ഉൽപന്നങ്ങൾ സംരക്ഷിക്കുന്നതിന് ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ കരാറുകാരൻ ചെയ്തിരിക്കേണ്ടതാണ്. അപ്രകാരമുണ്ടാകുന്ന നഷ്ടത്തിന് വനം വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

23. നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നത്

(എ) 1961-ലെ കേരള ഫോറസ്റ്റ് ആക്ടും കാലാകാലങ്ങളിൽ ഭേദഗതി ചെയ്ത റൂളുകളും പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

(ബി) ജി. എസ്. റ്റി. നിയമവും അതിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങളും പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

(സി) ഇൻകം ടാക്സ് നിയമവും ലേലവുമായി ബന്ധപ്പെട്ട മറ്റ് കേന്ദ്ര സംസ്ഥാന നിയമങ്ങളും പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

(ഡി) വർക്ക്മെൻ കോമ്പൻസേഷൻ ആക്ടും തൊഴിലാളികളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട മറ്റ് നിയമങ്ങളും അനുസരിച്ചുള്ള എന്തെങ്കിലും ബാധ്യത ഉണ്ടാവുകയാണെങ്കിൽ അത് കരാറുകാരൻതന്നെ വഹിക്കേണ്ടതാണ്.

(ഇ) കരാർ വ്യവസ്ഥകളോ കേരള വനം നിയമവും അതുമായി ബന്ധപ്പെട്ട മറ്റ് നിയമങ്ങളോ ലംഘിക്കുകയാണെങ്കിൽ ആയത് ലേലം ക്യാൻസൽ ചെയ്യുന്നതിനും കരാർ റദ്ദാക്കുന്നതിനും കാരണമാവുകയും കരാറുകാരൻ ഒടുക്കിയിട്ടുള്ള തുക കണ്ടുകെട്ടുന്നതിനും കാരണമായി തീരും.

24. കരാർ വ്യവസ്ഥകളുടെ ലംഘനം

(എ) കരാറുകാരൻ ഏതെങ്കിലും കരാർ വ്യവസ്ഥ ലംഘിക്കുകയും കേരള വനം വകുപ്പ് ആയതുമൂലം കരാർ റദ്ദാക്കാതിരിക്കുകയും ചെയ്താൽ ഓരോ വ്യവസ്ഥാലംഘനത്തിനും ₹ 1,000 വെച്ച് പിഴ ഈടാക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് അധികാരമുണ്ടായിരിക്കും. അപ്രകാരം കരാർ വ്യവസ്ഥകളുടെ ലംഘനം കണക്കാക്കുമ്പോൾ ലേലം ചെയ്ത യൂണിറ്റ് ഒരു യൂണിറ്റായി കണക്കാക്കുന്നതാണ്. ഇതിനെതിരെയുള്ള അപ്പീലുകൾ പരിഗണിക്കുന്നത് സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിക്ഷിപ്തമായിരിക്കുകയും അദ്ദേഹത്തിന്റെ തീരുമാനം അന്തിമവും പാലിക്കുവാൻ ബാധ്യസ്ഥവുമായിരിക്കും. കരാർ ലംഘനം സംബന്ധിച്ച് പിഴ ഈടാക്കുന്നതിനുള്ള ഉത്തരവ് നേരിട്ടോ രജിസ്ട്രേഡ് കത്ത് മുഖേനയോ ഡെസ്പാച്ച് ചെയ്ത് 15 ദിവസത്തിനുള്ളിൽ അപ്പീൽ പരിഗണിക്കേണ്ടതാണ്. മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ കാലതാമസം മാപ്പാക്കുന്നതിന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് വിവേചനാധികാരം ഉണ്ടായിരിക്കുന്നതാണ്.

(ബി) രജിസ്ട്രേഡ് കത്ത് മുഖേനയോ നേരിട്ടോ പിഴ ഒടുക്കുന്നതിനുള്ള നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ കരാറുകാരൻ പിഴ ഒടുക്കേണ്ടതാണ്.

25. മുൻകൂട്ടി കാണാനാകാത്ത സാഹചര്യങ്ങൾ

കേരള വനം വകുപ്പിന്റെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ ലേലത്തിൽ നിന്നും പിൻമാറേണ്ടി വന്നാലോ കരാർ അസാധുവാക്കേണ്ടി വന്നാലോ അതുമൂലം കരാറുകാരന് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് വനംവകുപ്പിന് ബാധ്യത ഉണ്ടായിരിക്കുന്നതല്ല.

26. കോടതിയുടെ അധികാര പരിധി

(എ) കരാറുമായി ബന്ധപ്പെട്ട എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ അത് പുനലൂരിൽ വെച്ച് ഉണ്ടായ തർക്കമായി പരിഗണിക്കുന്നതും അതുമൂലമുണ്ടാകാവുന്ന കേസ്സുകൾ പുനലൂർ മുൻസിഫ് കോടതിയുടെ പരിധിയിൽ വരുന്നതുമായിരിക്കും.

(ബി) കരാറുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ വ്യാഖ്യാനം ചെയ്യുന്നതിനുള്ള അധികാരി കേരള വനം വകുപ്പ് ആയിരിക്കുകയും വനം വകുപ്പിന്റെ തീരുമാനം അന്തിമവും കരാറുകാരന് ബാധകമായിരിക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾ പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ (ഫോൺ നമ്പർ 0475 2222621), അഞ്ചൽ/പത്തനാപുരം റെയിഞ്ചാഫീസർമാരുടെ കാര്യാലയത്തിൽ നിന്നോ www.mstcecommerce.com എന്ന വെബ്സൈറ്റിൽ നിന്നോ ലഭ്യമാകുന്നതാണ്.

No. PL2-1073/2021. *15th February 2021.*

It is hereby notified for the information of the public that the right of collection and removal of Acacia auriculiformis pulpwood & Acacia mangium pulpwood with or without bark by way of clear felling the plantations in Anchal and Pathanapuram Ranges of Punalur Division specified in the schedule appended below will be sold in e-auction on 4-3-2021 at 11 a.m., 22-3-2021, 11 am, and 7-4-2021 at 11 a.m. subject to the terms and conditions of sale of Timber in Government Timber Depots published in Government Gazette No. 43, Vol. V dated 1-11-2016 vide Notification No. Pro (4) 26243/13 dated 26-9-2016 of the Addl. Principal Chief Conservator of Forests (Protection), Thiruvananthapuram, subject to the conditions published by M/s MSTC Ltd. through website www.mstcecommerce.com and as per general conditions of the sale of tree growth prevailing in the Department and also subject to the following conditions. The participants of e-auction should remit Earnest Money Deposit through e-payment/e-treasury or through MSTC Ltd. before the conduct of e-auction. The participants should also put their Registration Number while effecting EMD payment.

SCHEDULE

| *Sl. No.* | *Name of Plantation* | *Name of Range* | *Area of Plantation (Ha)* | *Approximate Quantity (Stacked Tonne with Bark)* | *Remarks* |
|---|---|---|---|---|---|
| 1 | 2010 Acacia auriculiformis Plantation, Onthupacha | Anchal | 12.50 | 1000 | Rates to be quoted for one stacked tonne with bark |
| 2 | 2010 Acacia auriculiformis Plantation, Kalayil | Pathanapuram | 19.30 | 1550 | |
| 3 | 2010 Acacia auriculiformis Plantation, Vazhathoppu | Pathanapuram | 14.60 | 1170 | |
| 4 | 2010 Acacia auriculiformis Plantation, Kadakkamon | Pathanapuram | 30.00 | 2400 | |

Date and time upto which Re e-auction notification is available in site—4-3-2021, 22-3-2021, 7-4-2021, 11 a.m.

Date and time of receipt of bid in Re e-auction—4-3-2021, 22-3-2021, 7-4-2021, 11 a.m.

Closure of e-auction—4-3-2021, 22-3-2021, 7-4-2021, 1 p.m.

Earnest Money Deposit—₹ 50,000 for each plantation.

Period of contract—150 days form the date of intimation of confirmation order.

## e-Auction Conditions

### 1. General Conditions

(a) The e-auction will be conducted on the basis of rate quoted for stacked volume on harvest ie., stacked tonne with bark. If the bidder wants stacked tonne without bark, the rate will be 122% of the rate quoted. The bid shall be fixed for the bidder who quote highest rate per stacked tonne with bark. The cost of felling, conversion, transportation and stacking shall be borne by the bidder. One stacked tonne means a stack with volume of 2.00 M3.

(b) The successful bidder/purchaser shall extract all Acacia auriculiformis trees and all Acacia mangium trees from plantations allotted (hereinafter referred to as Pulpwood) and shall retain all other trees.

(c) Intending bidders may inspect the plantations and satisfy themselves with the area of plantation, quantity and quality of the produce before participating in the e-auction. Complaints if any regarding quality and quantity etc. received after the e-auction will not be entertained.

(d) The Kerala Forest Department (Punalur Forest Division) reserves the right to refrain from permitting harvesting and the removal of Pulpwood from any particular plantations or unit, fully or partly thereof, depending upon the Administrative and operational exigencies and in the interest of Kerala Forest Department (Kerala Government) not withstanding such units is allotted and agreed to be supplied to the purchaser.

(e) Intending bidders should produce a certified copy of Aadhar or a certificate from the concerned Village Officer showing their permanent address and duly attesting their signature for individual and a certified copy of registration or license for firms along with Earnest Money Deposit through online.

(f) The participating bidders have the rights only for collection and removal of standing *Acacia auriculiformis and Acacia mangium* trees with in the specified area handed over by the Forest Department officials, and will not have any right for removal of any other tree species standing in the plantation.

(g) The successful bidders should give an undertaking that he is not related to any officer having control of the work. If this is proved otherwise it shall result in cancellation of the contract and resale of the coupe at the risk and loss of bidder/purchaser.

(h) No post offer is permitted in the e-auction.

### 2. Earnest Money Deposit

Intending Bidders should deposit an Earnest Money Deposit (EMD) of ₹ 50,000 (Rupees Fifty Thousand only) for each plantation for participating in the e-auction. The participants of e-auction should remit Earnest Money Deposit through e-payment/e-treasury or through MSTC Ltd. before the conduct of e-auction. The participants should also put their Registration Number while effecting EMD payment.

### 3. GST, Income Tax etc.

(a) The successful bidders have to pay FDT (Forest Development Tax), GST, Income Tax, and all other relevant taxes and charges at the rate prevailing from time to time.

(b) The Purchaser shall pay all the GST amounts due to the auction and the purchaser will be liable for the payment of GST in new tariff if any amendments occurred from time to time.

(c) The purchaser should pay stamp duty as per Indian Stamp Act. The deficit/insufficient payment of stamp value, if any found at a later date, will be recoverable from the purchaser by Kerala Forest Department for onward transmission to the concerned Authority.

### 4. Agreement

The successful bidder shall execute an agreement on a stamp paper worth 0.1% of the total value after remitting the 15% sale value and 5% of security deposit within 15 days from the date of intimation of confirmation. The security deposit shall be in the form of fixed deposit pledged in favour of the Divisional Forest Officer, Punalur from any Nationalized Bank. The bidder will be permitted to commence the work and transport the yield collected from the plantations only after the above payment and execution of agreement. Sale value will be calculated on the basis of the assessed and expected yield of the plantation and the quoted rate for stacked tonne with bark.

Gaz. No. 11/2021/DTP (Forest).

**5. Procedure for Payment of advance sale value**

The successful bidder has to pay 15% of the total sale value, (calculated on the basis of the assessed and expected volume and quoted rate by the successful bidder) within 15 days from the date of intimation of confirmation of the e-auction. In the case of failure to remit the 15% of sale value within 15 days, extension for 30 days shall be granted by the DFO subject to the realization of the 12% penal interest (for 15% of sale value). In the case of failure to remit the amount within the extended period, further extension of 30 days shall be granted by the Chief Conservator of Forests, Southern Circle, Kollam subject to the realization of 18% penal interest (for 15% of sale value). Failing this the bid shall be cancelled and all the money including the EMD remitted by the bidder will be forfeited to the Government. If the purchaser fails in getting extension as described above, the contract will be cancelled.

**6. Procedure for payment of balance value**

(a) The Pulpwood shall be converted into billets of 1.00 M length and stacked at convenient places within the contract area or places outside the contract area allotted by the Divisional Forest Officer concerned in stacks of 1.00 meter height. In case the Purchaser wants to convert the Pulpwood to any other length, permission shall be obtained from the concerned Divisional Forest Officer to ensure uniformity of size in the entire contract area. One stacked tonne referred in this agreement means a stack with volume of 2.00 $M^3$ and stack size of 1.00 M (billet length) x 1.00 M (height) x 2.00 M (stack length) and this will be used as the unit of measurement, for assessment of value to be paid by the Purchaser. Conversion of one stacked tonne with bark to that of without bark, the conversion factor 'One stacked tonne without bark shall be considered as 2.44 m3 with bark' will be applied.

